**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1740** **04-02-2026 - ൽ മറുപടിയ്ക്ക്**

**തരിശുരഹിത സംസ്ഥാനമായി ഉയർത്തുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ തരിശു രഹിത സംസ്ഥാനമായി ഉയർത്തുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (എ) | തരിശുനിലങ്ങളിൽ ഉൾപ്പെടെ കൃഷി വ്യാപകമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ വിള അടിസ്ഥാനമാക്കിയുള്ള പദ്ധതികളിലൂടെ പ്രോൽസാഹനം നൽകി വരുന്നു.<br><br>തരിശ് നിലങ്ങൾ കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിന് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ ക്യാമ്പയിനിലൂടെ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും കൃഷി ഭവനുകളുടെയും നേതൃത്വത്തിൽ ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ പച്ചക്കറി ഫലവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യോല്പന്നങ്ങൾ കൃഷി ചെയ്യുകയും ചെയ്യുന്നു.<br><br>നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെപുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40,000/- രൂപ നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 800 ഹെക്ടർ തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിനായി 320.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 മുതൽ നാളിതുവരെ 9010.17 ഹെക്ടർ തരിശ് നെൽവയലുകൾ കൃഷി യോഗ്യമാക്കിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ബഹു: മുഖ്യമന്ത്രിയുടെ നാലാം നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി കാർഷിക വികസന കർഷക ക്ഷേമ വകുപ്പും വിവിധ |

16 വകുപ്പുകളുടെയും സഹകരണത്തോടുകൂടി 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്നതുമായ സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി തരിശുനില കൃഷിഉൾപ്പെടുത്തിയിരിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 40,000/- രൂപ ധനസഹായം നൽകി വരുന്നു. ഇതിൽ 37,000/- രൂപ കർഷകനും, 3,000/- രൂപ ഭൂവുടമയ്ക്കും നൽകുന്നു. മൂന്ന് വർഷമെങ്കിലും തരിശായി കിടക്കുന്ന ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനാണ് ഈ ആനുകൂല്യം നൽകുന്നത്. വ്യക്തിഗത കർഷകർ, ഭൂരഹിത കർഷക തൊഴിലാളികൾ, കർഷക ഗ്രൂപ്പുകൾ, യുവജന ക്ലബ്ബുകൾ, തരിശുഭൂമി കൃഷി ചെയ്യാൻ തയ്യാറുള്ള മറ്റ് സംഘടനകൾ എന്നിവരിലൂടെ തരിശു ഭൂമി കണ്ടെത്തി കൃഷി നടപ്പിലാക്കുന്നു. കൃഷിക്കാർക്കുള്ള സഹായം നിലമൊരുക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള പ്രവർത്തനങ്ങൾക്കാണ്. സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം പദ്ധതിയിൽഉൾപ്പെടുത്തി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉപയോഗിക്കാത്ത തരിശായി കിടക്കുന്ന സ്ഥലങ്ങളിലും പച്ചക്കറി കൃഷി പോഷക തോട്ടങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രത്യേക ഘടകം നടപ്പിലാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 150 ഹെക്ടറിൽതരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനായി 60.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 60.85 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കിയിട്ടുണ്ട്.

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന വിളകൾ തരിശു ഭൂമിയിൽ കൃഷി ചെയ്യുകയുണ്ടായി .

1) നെൽകൃഷി -9086.1 ഹെക്ടർ

2) പച്ചക്കറി കൃഷി-1440 ഹെക്ടർ

3) വാഴ, കിഴങ്ങു വർഗ്ഗവിളകൾ, ചെറുധാന്യം, പയർ വർഗ്ഗ വിളകൾ മുതലായവ - 4463.9 ഹെക്ടർ

ഈ പദ്ധതിയിൻ കീഴിൽ ആകെ 24990 ഹെക്ടർ തരിശ് ഭൂമി കൃഷി യോഗ്യമാക്കി വിളവെടുത്തു .

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പോഷക പച്ചക്കറി തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂവിഭവങ്ങൾവാണിജ്യാടിസ്ഥാനത്തിൽ ഉപയോഗ-പ്പെടുത്തുന്നതിനായി, "New Agriculture Wealth Opportunities-Driving Horticulture and Agribusiness Networking (NAWO-DHAN)" അനുബന്ധ പദ്ധതിയ്ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ തുടക്കമിട്ടു. പ്രസ്തുത പദ്ധതിയിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉദ്യാനകൃഷി, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഇടവിള കൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ, മറ്റ് മേഖലകളിൽ ഉൾപ്പെട്ട പ്രവർത്തികൾ എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും, കൃഷിക്കൂട്ടങ്ങളെയും, കുടുംബശ്രീ യൂണിറ്റുകളെയും, സ്വയം സഹായ സംഘങ്ങളെയും, സ്റ്റാർട്ടപ്പുകളെയും, യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി "NAWO-DHAN" പ്രവർത്തിച്ചു വരുന്നു. |
| (ബി) | മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് തരിശുരഹിത പഞ്ചായത്താക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (ബി) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി ബ്ലോക്കിൽ ഉൾപ്പെടുന്ന എളവള്ളി ഗ്രാമ പഞ്ചായത്തിനെ തരിശുരഹിത പഞ്ചായത്ത് ആക്കുന്നതിന് വേണ്ടി തെരഞ്ഞെടുത്തിട്ടുണ്ട്. എളവള്ളി ഗ്രാമ പഞ്ചായത്തിൽ ആദ്യ യോഗം 16.04.2025 സ്ഥലം എം.എൽ.എ ശ്രീ.മുരളി പെരുനെല്ലി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തി. തുടർന്ന് വാർഡ് തല കമ്മിറ്റികൾ രൂപീകരിച്ചു. വാർഡ്തല യോഗത്തിന് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ജിയോ ഫോക്സ് അദ്ധ്യക്ഷത വഹിച്ചു. 22.04.2025 വാർഡ്തല കമ്മിറ്റികൾ രൂപീകരിച്ചു. തരിശുഭൂമികൾ കണ്ടെത്തി തരിശുരഹിതമാക്കുന്നതിന് പച്ചക്കറി, കിഴങ്ങുവർഗ്ഗ വിള തൈകൾ സൗജന്യമായി വിതരണം നടത്തി. പഞ്ചായത്ത് പദ്ധതിയിൽ ഇതിനായി 6 ലക്ഷം രൂപ വകയിരുത്തുകയും ആയത് ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പാവറട്ടി ഗ്രാമപഞ്ചായത്തിൽ കൃഷി സമൃദ്ധി പദ്ധതി പ്രകാരം തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സൂക്ഷ്മതല ആസൂത്രണം നടത്തി പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ